**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആശാവർക്കർമാർ മുഖേന നടത്തി വരുന്ന ശൈലി സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | 30 വയസ്സ് കഴിഞ്ഞവരിൽ കണ്ട് വരുന്ന ജീവിതശൈലീ രോഗങ്ങളായ ഹൈപർ ടെൻഷൻ, ഡയബറ്റിസ്സ് മെലിറ്റസ്, കാൻസർ, ടി.ബി, ലെപ്രോസി എന്നിവ പിടിപ്പെട്ടവരുടെ കൃത്യമായ സർവ്വേ നടത്തി ഡാറ്റാബേസ് തയ്യാറാക്കുകയും അവ പ്രതിരോധിക്കുന്നതിന് ആവശ്യമായ മരുന്നുകളും സംവിധാനങ്ങളും ബോധവത്കരണവും സജ്ജമാക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത സർവ്വേയുടെ 2-ാം ഘട്ടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (ബി) | സർവ്വേ തുടങ്ങുകയും സർവേയുടെ സമയത്ത് വീടുകളിൽ ആളുകൾ ഇല്ലാത്തതിനാൽ സർവേ പൂർത്തീകരിക്കുവാൻ സാധിക്കാത്തതും സാങ്കേതിക എന്നിവ കാരണം സർവേ നടപടികൾ തീർപ്പാക്കുവാൻ താമസം നേരിടുന്നുണ്ട്. |
| (സി) | നിലവിൽ ശൈലി സർവ്വേ നടത്തുന്ന ഒരാൾക്ക് എത്ര രൂപയാണ് നൽകി വരുന്നത് ; പ്രസ്തുത തുക 20 രൂപ ആയി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ബ്ലോക്ക് ക്രിയേഷൻ വൈകിയവർക്ക് സർവ്വെ പൂർത്തീകരിക്കുന്നതിനു ആറുമാസത്തെ സാവകാശം കൂടി നൽകാൻ നടപടി സ്വീകരിക്കുമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ആശാ വർക്കർമാർക്ക് സി.എച്ച്.സി -കളിലും പി.എച്ച്.സി -കളിലും, സബ് സെന്ററുകളിലും ഇരിപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ